(ബി) ഇപ്രകാരം ഒരു വൗച്ചർ നൽകിയിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നു. ഈ വിഷയം ധനകാര്യ വകുപ്പ് (ഇൻസ്പെക്ഷൻ വിംഗ്) അന്വേഷിക്കുകയാണ്; റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ഈ കാര്യവും ധനകാര്യ വകുപ്പ് (ഇൻസ്പെക്ഷൻ വിംഗ്) അന്വേഷിക്കുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

254 (1433) കൈത്തറി വികസന കോർപ്പറേഷനിലെ ഷോറൂമുകളിൽ നടന്ന ക്രമക്കേടുകൾ

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷന്റെ ഷോറൂമുകളിലും സെന്ററുകളിലും കൃത്രിമങ്ങളും പണാപഹരണങ്ങളും നടത്തിയ എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(ബി) ഇത് ഏതെല്ലാം ഷോറൂമുകളിലും സെന്ററുകളിലുമാണ്, ആരെല്ലാമാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്;

(സി) പാലക്കാട് ചിറ്റൂരിലുള്ള സെന്ററിൽ പണാപഹരണങ്ങളും കൃത്രിമവും നടത്തിയതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇങ്ങനെയുള്ള കൃത്രിമങ്ങളും പണാപഹരണങ്ങളും തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20 കേസ്സുകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കോർപ്പറേഷനിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ വിശദമായ അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയായിവരുന്ന മുറയ്ക്ക് ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്.

(ഡി) കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കുകയും ഇന്റേണൽ ഓഡിറ്റിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

255 (1434) മൂടാടി പഞ്ചായത്തിൽ വ്യവസായ പാർക്ക്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് പ്രഖ്യാപിച്ചിരുന്ന എത്ര വ്യവസായ പാർക്കുകളാണ് നിലവിൽ വന്നിട്ടുള്ളത്;

(ബി) അവ ഏതെല്ലാം;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി പഞ്ചായത്തിൽ വ്യവസായ പാർക്ക് തുടങ്ങാനുള്ള നടപടികൾ എത്രത്തോളം എത്തിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപത് നിയോജക മണ്ഡലങ്ങളിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവയിൽ കഴക്കൂട്ടം മണ്ഡലത്തിലെ വ്യവസായ പാർക്ക് വ്യവസായ സംരംഭകർക്ക് ലഭ്യമാക്കിക്കഴിഞ്ഞു.

(ബി) ഷൊർണ്ണൂർ, അങ്കമാലി, തിരുവല്ല, തൃശ്ശൂർ, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, ചാത്തന്നൂർ, കഴക്കൂട്ടം എന്നിവയാണ് ഒൻപതു പാർക്കുകൾ.

(സി) മൂടാടി ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്കിന് 4 ഏക്കർ സ്ഥലം കൈമാറാൻ തയ്യാറാണെന്ന് മൂടാടി ഗ്രാമ പഞ്ചായത്തു ഭരണസമിതിയുടെ തീരുമാനം അറിയിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ വില നിർണ്ണയിച്ചു കഴിഞ്ഞാൽ സ്ഥലം വാങ്ങി സിഡ്കോയ്ക്ക് കൈമാറാമെന്നും പഞ്ചായത്ത് സെക്രട്ടറി സിഡ്കോയെ അറിയിച്ചിട്ടുണ്ട്.

256 (1435) **പത്തനംതിട്ട ജില്ലയിൽ ഗ്രോത്ത് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി**

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്;

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾ ഏതൊക്കെയാണ്;

(സി) പത്തനംതിട്ട ജില്ലയിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഇതുവരെ കഴിയാതിരുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലയിലുള്ള എസ്റ്റേറ്റുകളിലെ സ്ഥലംകൂടി ഏറ്റെടുത്ത് ഒരു ഗ്രോത്ത് സെന്റർ പത്തനംതിട്ട ജില്ലയിൽകൂടി ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മന്നം ഷുഗർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസ് ലിമിറ്റഡ് എന്നിവ. മന്നം ഷുഗർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിൽ ഇപ്പോൾ പ്രവർത്തനമൊന്നും ഇല്ല.

(ബി) ലിസ്റ്റ് അനുബന്ധമായി വെച്ചിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly